# അമൃത യു. പി. സ്കൂൾ

## പാവുമ്പ

ഉപജില്ല : കരുനാഗപ്പള്ളി

വിദ്യാഭ്യാസ ജില്ല : കൊല്ലം

ജില്ല : കൊല്ലം

# എന്റെ നാട് എന്റെ വിദ്യാലയം

## അക്കാദമിക മാസ്റ്റർ പ്ലാൻ

**അക്കാദമികം • ഭൗതികം • സാമൂഹികം**

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ

   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര്, | : | **അമൃത യു.പി.സ്കൂൾ, പാവുമ്പ** |
| വിലാസം | | പാവുമ്പ പി. ഒ<br>കരുനാഗപ്പള്ളി<br>കൊല്ലം – 690574 |
| ഫോൺ | : | 0476 2864515 |
| 2. സ്കൂൾ കോഡ് | : | 41244 |
| 3. വിദ്യാഭ്യാസ ഉപജില്ല | : | കരുനാഗപ്പള്ളി |
| 4. വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| 5. റവന്യൂ ജില്ല | : | കൊല്ലം |
| 6. ബി. ആർ. സി | : | കരുനാഗപ്പള്ളി |
| 7. സി. ആർ. സി | : | തഴവ |
| 8. ഗ്രാമപഞ്ചായത്ത് | : | തഴവ |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | ഓച്ചിറ |
| 10. ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| 11. നിയമസഭാ മണ്ഡലം | : | കരുനാഗപ്പള്ളി |
| 12. ലോക്സഭാ മണ്ഡലം | : | ആലപ്പുഴ |
| 13. താലൂക്ക | : | കരുനാഗപ്പള്ളി |
| 14. വില്ലേജ് | : | പാവുമ്പ |
| 15. ഇ-മെയിൽ | : | amritapavumba@gmail.com |

# ആമുഖം

തഴവ ഗ്രാമ പഞ്ചായത്തിലെ പാവുമ്പ എന്ന ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചരിത്രപരവും ഐതിഹ്യപരവുമായ പെരുമ അവകാശപ്പെടാവുന്ന നാടാണിത്. പാവുമ്പയെന്ന സ്ഥലനാമത്തിന്റെ ഉല്പത്തിയെക്കുറിച്ചും ഭിന്നാഭിപ്രായം നിലനിൽക്കുന്നു. പണ്ട്കാലത്ത് നാട്ടിൽ കുറ്റകൃത്യങ്ങളുണ്ടായാൽ കുറ്റമാരോപിക്കപ്പെടുന്ന ആളെ പാമ്പിൻ മാളത്തിൽ കൈയ്യിട്ട് സത്യം ചെയ്യിക്കുമായിരുന്നുവത്രെ. പാമ്പിൻ വായിൽ സത്യം തെളിയിക്കുന്ന രീതിയായിരുന്നു ഇത്. ഈ 'പാമ്പിൻ വാ' കാലാന്തരത്തിൽ 'പാവുമ്പ'യായി എന്നാണ് ഒരു വാദം. അതല്ല ഋഷിവര്യന്മാർ പെരുമ്പാമ്പിന്റെ വായിൽ നിന്ന് തപസ്സനുഷ്ടിച്ച സ്ഥലമായതുകൊണ്ടാണ് പാവുമ്പ എന്ന പേരുണ്ടായത് എന്ന് മറ്റൊരു വാദം.

ശാസ്ത്രവും സാങ്കേതികവിദ്യയുമൊന്നും കാര്യമായി വികസിച്ചിട്ടില്ലാത്ത ഒരു കാലഘട്ടത്തൽ നീളത്തിൽ കീറിയ പാറക്കല്ലുകൾ പരസ്പരം ബന്ധിപ്പിച്ചുണ്ടാക്കിയിട്ടുള്ള 'കല്ലുപാലം' പാവുമ്പയെയും മണപ്പള്ളിയേയും ബന്ധിപ്പിച്ചുകൊണ്ട് ചരിത്ര സ്മാരകമായി ഇന്നും നിലനിൽക്കുന്നു.

നമ്മുടെ രാജ്യമായ ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയുള്ള നാടാണ് പാവുമ്പ. പാവുമ്പയേയും ഒരു ഉപദ്വീപ് എന്ന് വിശേഷിപ്പിക്കാം. പടിഞ്ഞാറ് കണ്ണഞ്ചാലി പുഞ്ച-തൊടിയൂർ വട്ടക്കായൽ തോട്, തെക്കുഭാഗം തൊടിയൂർ വട്ടക്കായൽ, കിഴക്കുഭാഗം പള്ളിക്കലാർ, വടക്കുഭാഗം മാത്രമാണ് കരഭാഗമായിട്ടുള്ളത്. കാർഷിക സമ്പൽസമൃദ്ധിയുടെ നാടായിരുന്നു പാവുമ്പ. പുഞ്ചനെൽകൃഷിയിൽ പെരുമയുള്ള ഒരു കാലം പാവുമ്പയ്ക്കുണ്ടായിരുന്നു. പിൽക്കാലത്ത് അത് ഇല്ലാതായ ഒരു സ്ഥിതിവിശേഷം ആയിരുന്നു, എന്നാൽ ഇപ്പോൾ നൂതന സാങ്കേതികവിദ്യയിലൂടെ കൃഷി ആരംഭിച്ച് പഴയകാല കൃഷി പെരുമ വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് പാവുമ്പ.

## ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് താല്പര്യമുണർത്തുന്ന രീതിയിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും സ്കൂളിലേക്ക് ആകർഷിക്കുന്നതിനും.
- കുട്ടികളുടെ ഗാർഹിക പഠനാന്തരീക്ഷം മെട്ടപ്പെടുത്തുന്നതിന് പ്രദേശത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്.
- പ്രദേശത്തിന്റെ സാധ്യതകൾ വിദ്യാലയത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിന്.
- പ്രാദേശിക വിദഗ്ധരുടെ സേവനം വിദ്യാലയത്തിൽ പ്രയോജനപ്പെടുത്തുന്നതിന്.
- കുട്ടികളുടെ എഴുത്ത്, വായന തുടങ്ങിയ നൈപുണികളെ യഥാർത്ഥ ജീവിതവുമായി ബന്ധിപ്പിച്ച് പരിപോഷിപ്പിക്കുന്നതിന്.
- പഠന പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് കൂടുതൽ താൽപര്യമുണർത്താൻ സാമൂഹിക പങ്കാളിത്തത്തോടെ പഠനാനുബന്ധ പരിപാടികൾ സംഘടിപ്പിക്കുന്നതിന്.

# വിദ്യാലയ ചരിത്രം

കരുനാഗപ്പള്ളി ഉപജില്ലയിൽ തഴവ പഞ്ചായത്തിൽ ഇഷ്ടിക നിർമ്മാണത്തിന്റെയും കശുവണ്ടി വ്യവസായത്തിന്റെയും കാർഷിക സംസ്കാരത്തിന്റെയും ഈറ്റില്ലമായ പാവുമ്പയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന അമൃത യു.പി. സ്കൂൾ തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്ന് പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ മാറ്റത്തിന്റെ ചാലകശക്തിയായി നിലകൊള്ളുന്നു. 1951 ൽ ശ്രീ. മരങ്ങാട്ട് കുഞ്ഞികൃഷ്ണ പിള്ള നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി എം.പി.എം.യു.പി സ്കൂൾ എന്ന പേരിൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. തുടക്കത്തിൽ എൽ. പി. സ്കൂളായി പ്രവർത്തനമാരംഭിച്ച സ്കൂൾ 1964 ൽ യു.പി സ്കൂളായി ഉയർത്തപ്പെട്ടു. 2009 ൽ മാതാ അമൃതാനന്ദമയി മഠം സ്കൂളിന്റെ മാനേജ്മെന്റ് ഏറ്റെടുത്ത് ഇപ്പോൾ അമൃത യു. പി. സ്കൂൾ എന്ന പേരിൽ ഒരു മഹാ വിദ്യാലയമായി മുന്നേറ്റത്തിന്റെ പാതയിലാണ്.

പാവുമ്പ അമൃത യു. പി സ്കൂളിൽ ഇന്ന് 23 ഡിവിഷനുകളിലായി 597 കുട്ടികൾ പഠിക്കുന്നു. കൂടാതെ പ്രി-പ്രൈമറി വിഭാഗത്തിൽ 3 ഡിവിഷനുകളിലായി നൂറോളം കുട്ടികളും പഠിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽഅന്താരാഷ്ട്ര നിലവാരത്തിൽ പ്രവർത്തിക്കുന്ന പുതിയ മാനേജ്മെന്റ് നിർമ്മിച്ച മനോഹരമായ ബഹുനില കെട്ടിടത്തിലാണ് സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. മികവാർന്ന പാഠ്യ പാഠാനുബന്ധ പ്രവർത്തനങ്ങളിലൂടെ മികച്ച അധ്യയനം ഉറപ്പാക്കുന്ന ഈ വിദ്യാലയത്തിൽ വർഷം തോറും വിദ്യാർത്ഥികളുടെ എണ്ണം കൂടിവരികയാണ്. ചിട്ടയാർന്ന അക്കാദമിക് പ്രവർത്തനങ്ങളിലൂടെയും കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിലൂടെയും ജില്ലയിലെ തന്നെ മികച്ച വിദ്യാലയമായി മാറാൻ ഈ പൊതുവിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം തഴവ പഞ്ചായത്തിലെ ഏറ്റവും മികച്ച യു.പി. സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടത് ഈ വിദ്യാലയമാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- 'എന്റെ നാട് എന്റെ വിദ്യാലയം' എന്ന കാഴ്ചപ്പാടോടു കൂടി സാമൂഹ്യപങ്കാളിത്തത്തോടെ അക്കാദമിക - ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഉന്നൽ നൽകി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ അക്കാദമിക ഭൗതിക സാഹചര്യങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുക.

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ പങ്കെടുക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക.

- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പഠന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താൻ ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ നടപ്പിൽ വരുത്തുക.

- വിവിധ മേഖലകളിലുള്ള കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അതിൽ ഉന്നത പരിശീലനം നൽകുക.

- ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, എന്നിവയ്ക്ക് ഊന്നൽ നൽകി ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിൽ വരുത്തുക.

- ദീനാനുകമ്പ, കാരുണ്യം, പ്രകൃതി സംരക്ഷണം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

- 'പ്രകൃതിയാണ് ഏറ്റവും വലിയ പാഠപുസ്തകം' എന്ന തിരിച്ചറിവോടെ പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് പഠന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താനുള്ള സാഹചര്യം ഒരുക്കുക.

- അനുസരണശീലം, നേതൃഗുണം, കർത്തവ്യബോധം എന്നിവ വളർത്താനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.

- ആരോഗ്യ കായിക വികസനത്തിനായി വ്യായാമം, യോഗ, കായിക പരിശീലനം എന്നിവയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

- 'കണ്ടും കേട്ടും അനുഭവിച്ചും പഠിക്കുക' എന്ന ലക്ഷ്യത്തോടെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ വർഷാരംഭത്തിൽ തയ്യാറാക്കുന്ന ഫീൽഡ് ട്രിപ്പ് കലണ്ടറിന്റെ അടിസ്ഥാനത്തിൽ സന്ദർശനം നടത്തുക.

- വിവിധ മേഖലകളിലുള്ള പ്രഗല്ഭരുമായി സംവദിക്കുന്നതിനും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുമുള്ള അവസരം നൽകുന്ന പരിപാടികൾ കൃത്യമായി സംഘ ടിപ്പിക്കുക.
- പ്രാദേശിക ലൈബ്രറികളുടെ സഹായത്തോടെ വിവിധ വായനക്കൂട്ടങ്ങൾ രൂപീക രിച്ച് മത്സരങ്ങൾ സംഘടിപ്പിക്കുക.
- കുട്ടികളുടെ സർഗ്ഗാത്മകശേഷി പ്രകടിപ്പിക്കാനുതകുന്ന തരത്തിൽ നിലവിലുള്ള മികച്ച നിലവാരത്തിലുള്ള റേഡിയോക്ലബ് വിപുലപ്പെടുത്തുക.
- പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ കലാരൂപങ്ങളുടെ സൃഷ്ടിയും അവതരണവും ലക്ഷ്യമിട്ട് ചിൽഡ്രൻസ് തീയേറ്റർ രൂപീകരിക്കുക.
- കാർഷിക സംസ്കൃതിയുടെ പാഠങ്ങൾ പകർന്നുകൊണ്ട് ശാസ്ത്രീയമായ കൃഷിരീ തികൾ പരിശീലിപ്പിച്ച് കാർഷികക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും മാനസിക വിഷമതകൾ നേരി ടുന്ന കുട്ടികൾക്കും വേണ്ട പിന്തുണയും പ്രോത്സാഹനവും നൽകുക.
- ഉച്ചഭക്ഷണം കുട്ടികളുടെ താല്പര്യപ്രകാരമുള്ള മെനുവിൽ തീരുമാനിച്ച് നടത്തുക. ഭക്ഷണം ഇരുന്നു കഴിക്കുന്നതിനുള്ള ഭക്ഷണശാല നിർമ്മിക്കുക.

## പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

- എസ്. ആർ. ജി യോഗത്തിൽ 'എന്റെ നാട് എന്റെ വിദ്യാലയം' എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചർച്ചയും.
- ചർച്ചയുടെ അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ SRG, PTA, MPTA, ജനപ്രതിനിധികൾ തുടങ്ങിയവരുടെ ശില്പശാലയിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നുവന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കൂട്ടി ച്ചേർക്കൽ.
- PTA യുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച പദ്ധതിരേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥാവിശകലനം

### ഭൗതികം-നേട്ടങ്ങൾ

സ്കൂൾ മാനേജ്മെന്റ് കഴിഞ്ഞ വർഷം 25 മുറികളുള്ള പ്രൗഢമനോഹരമായ ഒരു ബഹുനില മന്ദിരം നിർമ്മിച്ച് നൽകിയിട്ടുണ്ട്. അതിൽ മികച്ച സംവിധാനങ്ങളോടു കൂടിയ ടോയ്‌ലെറ്റ് സംവിധാനം ഉണ്ട്. എല്ലാ ക്ലാസ് മുറികളിലും ഇലക്ട്രിഫിക്കേഷൻ സംവിധാനമുണ്ട്. കുട്ടികൾക്ക് നല്ലരീതിയിൽ കായിക പരിശീലനത്തിനുള്ള കളിസ്ഥലം ഉണ്ട്. ദൂരെയുള്ള കുട്ടികൾക്ക് സ്കൂളിലെത്തുന്നതിനുള്ള വാഹന സൗകര്യമുണ്ട്. മികച്ച സൗകര്യത്തോടുകൂടിയ ഓഡിറ്റോറിയം ഉണ്ട്.

### ഭൗതികം - പരിമിതികൾ

പുതിയ കെട്ടിടം നിർമ്മിച്ചതിനു ശേഷം ഡിവിഷനുകളുടെ വർദ്ധനവ് മൂലം സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി, വിവിധ ക്ലബ്ബുകളുടെ ലാബുകൾ, എന്നിവയ്ക്ക് മതിയായ സൗകര്യത്തോടുകൂടിയ മുറികൾ ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ കൂടുതൽ ആകർഷകമാക്കി നിർമ്മിക്കേണ്ടതുണ്ട്. കുട്ടികൾക്ക് സൗകര്യപ്രദമായി ഭക്ഷണം കഴിക്കുന്നതിനുള്ള ഭക്ഷണശാല ഇല്ല. വാഹന ഷെഡ് ഇല്ല.

### അക്കാദമികം - നേട്ടങ്ങൾ

തുടർച്ചയായി എല്ലാ വർഷങ്ങളിലും LSS, USS സ്കോളർഷിപ്പുകൾ, DLC സ്കോളർഷിപ്പ് - അഖിലേന്ത്യാ റാങ്ക് തുടങ്ങിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നുണ്ട്. അതുപോലെ സബ്ജില്ലാ - ജില്ലാതലങ്ങളിൽ സാഹിത്യ മത്സരങ്ങൾ, ക്വിസ് എന്നിവയിൽ സമ്മാനം ലഭിക്കുന്നുണ്ട്. കുറച്ചു വർഷങ്ങൾക്കു മുൻപ് കൃഷികളില്ലാതാകുന്നതിന്റെ കാരണം തേടിയുള്ള 'മുകുളങ്ങൾ' എന്ന ഡോക്യുമെന്ററി കുട്ടികൾ തയ്യാറാക്കി. 2016-17 വർഷത്തെ മികവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, BRC തലത്തിൽ മികച്ച സ്കൂളിനുള്ള പുരസ്ക്കാരം ലഭിച്ചു. ജെ.ആർ.സി, നല്ലപാഠം ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ കാരുണ്യത്തിന്റെ നല്ലപാഠം പകർന്നുകൊണ്ട് കാരുണ്യസ്പർശം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ശാസ്ത്ര, സാമൂഹ്യശാസ്ത്ര മേളയിൽ കവിഞ്ഞ രണ്ട് വർഷങ്ങളിൽ രണ്ട് കുട്ടികളെ സംസ്ഥാനതലത്തിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. സബ് ജില്ലാ കലോത്സവത്തിൽ ഓവറോൾ മൂന്നാംസ്ഥാനം ലഭിച്ചു. ഈ വർഷം ജില്ലാ തല തിരുവാതിരയിൽ ഒന്നാം സ്ഥാനം ലഭിച്ചു.

### അക്കാദമികം - പരിമിതികൾ

ലൈബ്രറി, ലാബ്, വിവിധ വിഷയങ്ങളുടെ ലാബുകൾ എന്നിവയ്ക്ക് സൗകര്യപ്രദമായ മുറികളില്ലാത്തതിനാൽ പരിമിതിക്കുള്ളിൽ നിന്നാണ് നടത്തിക്കൊണ്ടു പോകുന്നത്. കലാ-കായിക പരിശിലനത്തിന് അധ്യാപകരുടെ പൂർണ്ണസമയ സേവനം ലഭിക്കുന്നില്ല.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് സ്കൂളിൽ കൂടുതലും പഠിക്കുന്നതിനാൽ രക്ഷിതാക്കൾക്ക് അന്നന്നത്തെ തൊഴിൽ സംബന്ധമായ കാര്യങ്ങളിൽ ഏർപ്പെടേണ്ടിവരുന്നതു കൊണ്ട് സ്കൂളിൾ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തക്കുറവ് വിദ്യാലയം നേരിടുന്ന പ്രധാന പരിമിതിയാണ്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • സമൂഹ കൂട്ടായ്മാലൈബ്രറി – വായനക്കൂട്ടം | • ചുറ്റുമതിൽ പൂർണ്ണമാക്കൽ | • സമൂഹ സൗഹാർദ്ദ ലൈബ്രറി |
| • ചിൽഡ്രൻസ് തീയേറ്റർ | • ലൈബ്രറി, ലബോറട്ടറി, വിവിധ വിഷയങ്ങൾക്കുള്ള ലാബുകൾ | • പി.റ്റി.എ ശക്തിപ്പെടുത്തൽ |
| • കണ്ട്, കേട്ട്, അനുഭവിച്ചു പഠിക്കാം – ഫീൽഡ് ട്രിപ്പ് | • ഭക്ഷണശാല | • വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന ഇവയുടെ പ്രവർത്തനം |
| • അക്ഷരാമൃതം – മലയാളം ക്ലബ്ബ് | • വാഹന ഷെഡ് | • ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| • ശാസ്ത്ര കൗതുകം – ശാസ്ത്ര ക്ലബ്ബ് | • വീട്ടിലൊരു കൃഷിത്തോട്ടം | • ക്ലാസ്സ് പി. റ്റി. എ-യോടൊപ്പം കുടുംബ സൗഹാർദ്ദ ലൈബ്രറി |
| • ഗണിതരസക്കൂട്ട് – ഗണിത ക്ലബ്ബ് | • ജന്മദിനത്തിന് ഒരു പുസ്തകം, ചെടി | • ഭവന സന്ദർശനം |
| • സമൂഹത്തെ അറിയാൻ സാമൂഹ്യപാഠം – സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | • അസംബ്ലിഹാൾ | |
| • ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു ക്ലബ്ബുകൾ | • മാലിന്യ സംസ്കരണം | |
| • ടാലന്റ് ലാബ് | • പ്രൊജക്ടർ | |
| • ഇംഗ്ലീഷ് സിംപിൾ | | |
| • കമ്പ്യൂട്ടർ ലാബ് | | |
| • ശുചിത്വ ഹരിത സേന | | |
| • ജൈവാമൃതം – കാർഷിക ക്ലബ്ബ് | | |
| • അതിഥിയോടൊപ്പം | | |

| | | |
|---|---|---|
| • ജാഗ്രതാ സേന<br><br>• അമൃതവാണി -റേഡിയോ ക്ലബ്ബ്<br><br>• കാരുണ്യസ്പർശം<br><br>• പെൺകുട്ടികൾ, ഭിന്നശേഷിക്കാർ ഇവരുടെ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ<br><br>• കലാ പരിശീലനം<br>• കായിക പരിശീലനം<br>• ഉച്ചഭക്ഷണം - ഭക്ഷണശാല<br>• വിവിധ വിഷയങ്ങളുടെ ലാബ് | | |

## പദ്ധതി വിശദാംശങ്ങൾ

**മേഖല : മലയാളം (അക്കാദമികം)**
**ഉപമേഖല : ഭാഷാ വികസനം**

**ലക്ഷ്യങ്ങൾ**

- ഭാഷയിലുള്ള വിവിധ ശേഷികൾ നേടുക
- എല്ലാ കുട്ടികളിലും എഴുത്ത്, വായന എന്നീ ശേഷികൾ വികസിപ്പിക്കുക
- വായനയുടെ വിവിധ തലങ്ങളിൽ എത്തിക്കുക
- വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുക.
- സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുക.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **വായനക്കൂട്ടം - സമൂഹ സൗഹാർദ്ദ ലൈബ്രറി**<br>പ്രാദേശിക കൂട്ടായ്മകളുടെ സഹകരണത്തോടെ വായന പ്രോത്സാഹിപ്പിക്കാനും പഠനസൗകര്യം ഒരുക്കുന്നതിനുമായി പ്രദേശത്തെ ലൈബ്രറിയുമായി സഹകരിച്ച് വായനക്കൂട്ടം സംഘടിപ്പിക്കുന്നു. ഓരോഭാഗത്തുമുള്ള ലൈബ്രറിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കുട്ടികളുടെ 'വായനക്കൂട്ടം ക്ലബ്ബ്' രൂപീകരിക്കുന്നു. ഈ ക്ലബ്ബുകൾ തമ്മിൽ സാഹിത്യ മത്സരങ്ങളും വായന പരിപോഷണ പരിപാടികളും നടത്തുന്നു. | പ്രതിമാസ പരിപാടി | ലൈബ്രേറിയൻ, മലയാളം അധ്യാപകർ, വിദ്യാരംഗം ചുമതലയുള്ള അധ്യാപകർ | 2000/-<br>പി. റ്റി. എ |
| **ചിൽഡ്രൻസ് തീയേറ്റർ**<br>കുട്ടികളിൽ അന്തർലീനമായ കഴിവുകളിലൂടെ വിവിധ കലകളുടെ രൂപത്തിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നു. നാടകം, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട്, നാടൻപാട്ട് എന്നിവയുടെ രൂപത്തിൽ ചൊല്ലിയും സൃഷ്ടിച്ചും പഠനം കൂടുതൽ രസകരമാക്കുന്നു. പ്രോജക്ടറിന്റെ സഹായത്തിൽ കുട്ടികൾ അവതരിപ്പിച്ച വിവിധ പരിപാടികൾ പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി | - |
| **അക്ഷരാമൃതം**<br>കുട്ടികളിൽ എഴുത്ത്, വായന എന്നീ ശേഷികൾ കൂടുതൽ പരിപോഷിപ്പിക്കുന്നതിനായി ചിൽഡ്രൻസ് തിയേറ്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി വിവിധ പാട്ടുകളുടെ ഈണത്തിലും താളത്തിലും പഠന പ്രവർത്തനങ്ങൾ ഉത്സവാന്തരീക്ഷത്തിൽ നടത്തുന്നു. | ആഴ്ചയിൽ 3 ദിവസം | മലയാള ക്ലബ്ബ്, ക്ലാസ്സ് ടീച്ചേഴ്സ് | - |

മേഖല : ഇംഗ്ലീഷ് (അക്കാദമികം)
ഉപമേഖല : ഇംഗ്ലീഷ്ഭാഷാ പഠനം

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ
- ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കുക.
- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി
- ഇംഗ്ലീഷ് ഭാഷയിൽ താല്പര്യം ജനിപ്പിക്കുക.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| <u>ഇംഗ്ലീഷ് സിംപിൾ</u><br>വിദ്യാലയത്തിൽ ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ വളർത്തുന്നതിനും ഇംഗ്ലീഷ് ക്ലബ്ബ് നടത്തുന്ന പദ്ധതിയാണ് ഇംഗ്ലീഷ് സിംപിൾ | | | |
| ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ | - |
| ഇംഗ്ലീഷ് ഫെസ്റ്റ് നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.റ്റി.എ, എസ്.ആർ.ജി | 3000 രൂപ പി.റ്റി.എ |
| ഇംഗ്ലീഷ് കോർണർ തയ്യാറാക്കൽ | | | |
| ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കൽ | | | |
| ചിൽഡ്രൻസ് തീയേറ്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി സ്കിറ്റ്, നാടകം എന്നിവ അവതരിപ്പിച്ച് പ്രൊജക്ടറിലൂടെ പ്രദർശിപ്പിക്കുക | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് പദപ്രശ്നം - നിശ്ചിത ദിവസത്തിനുള്ളിൽ വിജയികളെ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | 1000 രൂപ ഇംഗ്ലീഷ് ക്ലബ്ബ് |
| ലൈബ്രറിയുടെ സഹകരണത്തോടെ പുസ്തകങ്ങൾ വായിച്ച് കുറിപ്പുകൾ തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |
| സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

മേഖല : ഗണിതം (അക്കാദമികം)
ഉപമേഖല : ഗണിതശാസ്ത്രപരമായ വികസനം

**ലക്ഷ്യങ്ങൾ**

- ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും ആശയങ്ങൾ വേഗത്തിൽ ഗ്രഹിക്കുന്നതിനും
- ഗണിതം മധുരതരമാക്കൽ
- ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| *ഗണിത രസക്കൂട്ട്*<br><br>ഗണിതശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കുന്നതിനും ഗണിത ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നതിനും, താല്പര്യം ഉണ്ടാക്കുന്നതിനുമായി ഗണിതശാസ്ത്ര ക്ലബ്ബ് നടപ്പാക്കുന്ന പദ്ധതിയാണ് ഗണിത രസക്കൂട്ട് | | | |
| ചിൽഡ്രൻസ് തീയേറ്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി ഗണിതാശയങ്ങൾ നാടകരൂപത്തിലും, ഗുണനപ്പട്ടിക, സൂത്രവാക്യങ്ങൾ തുടങ്ങിയ, വിവധ പാട്ടുകളുടെ ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുകയും പ്രൊജക്ടറിൽക്കൂടി പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഗണിതാധ്യാപകർ | |
| വിദ്യാലയത്തിൽ ഒരു ഗണിത ലാബ് സജ്ജമാക്കി അതിൽവച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്. ആർ. ജി, പി.റ്റി. എ | 5000/- ഗണിത ക്ലബ്ബ് (സ്പോൺസർഷിപ്പ്) |
| ഒറിഗാമി, വിവിധ ജ്യാമിതീയ രൂപങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം | പ്രതിമാസം | ഗണിതാധ്യാപകർ | |
| ഗണിതോത്സവം, മെട്രിക് മേളകൾ സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരിക്കൽ | എസ്. ആർ. ജി, പി. റ്റി. എ | 5000/- പി. റ്റി. എ |
| സ്കൂളിൽ ഒരു ബാങ്കിംഗ് പ്രവർത്തനം ആരംഭിക്കൽ -<br><br>കുട്ടികൾ തന്നെ മാനേജരും മറ്റ് ജീവനക്കാരുമായി പ്രവർത്തിച്ച് നിക്ഷേപങ്ങൾ കൗണ്ടറുകൾ വഴി പാസ് ബുക്കിൽ പതിച്ചു നൽകൽ. 2% വാർഷിക പലിശ 6 മാസം പൂർത്തിയാകുന്നമുറയ്ക്ക് നൽകുന്നു. | മാസത്തിൽ അവസാനത്തെ വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.30 - 2.00 | ഗണിത ക്ലബ്ബ് | - |

മേഖല : ശാസ്ത്രം (അക്കാദമികം)
ഉപമേഖല : ശാസ്ത്രാവബോധം

**ലക്ഷ്യങ്ങൾ**

- സ്കൂളിലെ മുഴുവൻ കുട്ടികളേയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക.
- കുട്ടിശാസ്ത്രജ്ഞൻമാരെ വളർത്തിയെടുക്കുക
- ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ
- ശാസ്ത്രം രസകരമാക്കൽ
- ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക.
- ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി ശാസ്ത്രബോധം വളർത്തുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| <u>ശാസ്ത്ര കൗതുകം</u><br><br>സ്കൂളിലെ മുഴുവൻ കുട്ടികളും ഒരു ശാസ്ത്രപരീക്ഷണമെങ്കിലും അവതരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ശാസ്ത്ര ക്ലബ്ബ് നടപ്പാക്കുന്ന പദ്ധതിയാണ് 'ശാസ്ത്ര കൗതുകം'. എല്ലാവർക്കും ശാസ്ത്രപ്രവർത്തനങ്ങളിൽ ഇതിലൂടെ പങ്കാളിത്തം ലഭിക്കും. | | | |
| കുട്ടികളെ ഓരോരുത്തരെക്കൊണ്ടും ഒരു ശാസ്ത്ര പരീക്ഷണം സ്വന്തമായി ചെയ്യിപ്പിക്കുകയും, അവ പ്രൊജക്ടറിലൂടെ പ്രദർശിപ്പിച്ച് കാണിക്കുകയും ചെയ്യുക. ഏറ്റവും കൂടുതൽ പരീക്ഷണങ്ങൾ മികവോടെ ചെയ്ത കുട്ടിക്ക് കുട്ടിശാസ്ത്രജ്ഞൻ അവാർഡ് നൽകുക. | ആഴ്ചയിൽ ഒരു ദിവസം | സയൻസ് അധ്യാപകർ | - |
| ഒരു പ്രത്യേക മുറിയിൽ ശാസ്ത്ര ലാബ് സജ്ജീകരിക്കുക | ആവശ്യാനുസരണം | എസ്. ആർ. ജി, പി. റ്റി. എ | 5000/- സ്പോൺസർഷിപ്പ് |
| സ്കൂൾ ശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശാസ്ത്ര പ്രവർത്തനങ്ങൾ കണ്ടെത്തി തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - |
| ശാസ്ത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കൽ | | | |
| ശാസ്ത്രമേള സംഘടിപ്പിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി, പി. റ്റി. എ | 3000/- പി. റ്റി. എ |

മേഖല : സാമൂഹ്യശാസ്ത്രം (അക്കാദമികം)
ഉപമേഖല : സമൂഹത്തെ അറിയാൻ സാമൂഹ്യപാഠം

**ലക്ഷ്യങ്ങൾ**

- പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്
- സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക
- ആനുകാലിക വിഷയങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്
- ജനാധിപത്യമൂല്യങ്ങൾ മനസ്സിലാക്കുന്നതിന്
- നാടിന്റെ ചരിത്രവും, സാംസ്കാരിക പൈതൃകവും അറിയുന്നതിന്.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| സമൂഹത്തെ അറിയാൻ സാമൂഹ്യ ശാസ്ത്രം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. കുട്ടികളിൽ വായന, അന്വേഷണത്വര, ആരോഗ്യകരമായ മത്സരബുദ്ധി എന്നിവ വളർത്തുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത് | | | |
| സാമൂഹ്യശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ നടത്തുക | മാസത്തിൽ ഒന്നു വീതം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 10000/- സോഷ്യൽ സയൻസ് ക്ലബ്ബ് (സ്പോൺസർഷിപ്പ്) |
| സൗകര്യപ്രദമായ ഒരുമുറിയിൽ നൂതന സാങ്കേതികമായ രീതിയിൽ സാമൂഹ്യശാസ്ത്രലാബ് ഉണ്ടാക്കുക | ആവശ്യാനുസരണം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 5000/- സ്പോൺസർഷിപ്പ് |
| സമകാലീന സാമൂഹ്യശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | എസ്.ആർ.ജി | - |
| വോട്ടെടുപ്പിലൂടെ സ്കൂൾപാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുക - ഇതിന്റെ നേതൃത്വത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കുക | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ്. ആർ.ജി, സ്കൂൾ പാർലമെന്റ് | - |
| G.K. ക്ലബ്ബ് രൂപീകരിച്ച് അതിന്റെ നേതൃത്വത്തിൽ പത്ര ക്വിസ്, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്സ് എന്നിവ നടത്തുക | പ്രതിമാസ പരിപാടി | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | - |
| വർഷാവസാനങ്ങളിൽ സാമൂഹ്യപങ്കാളിത്തത്തോടെ മെഗാ ക്വിസ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി., പി. റ്റി. എ | 1000/ പി.റ്റി. എ |

**മേഖല : ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു (അക്കാദമികം)**
**ഉപമേഖല : ഭാഷാ വികാസം**

**ലക്ഷ്യങ്ങൾ**

- ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു പഠനം കാര്യക്ഷമമാക്കൽ
- വിഷയങ്ങൾ രസകരമായി കൈകാര്യം ചെയ്യാൻ
- സർഗ്ഗാത്മക ശേഷി വളർത്താൻ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ഹിന്ദി, സംസ്കൃതം, അറബിക്, വിഷയങ്ങളുമായി ബന്ധപ്പെട്ട് വിവിധ പതിപ്പുകൾ തയ്യാറാക്കൽ, പാഠഭാഗങ്ങൾ നാടകരൂപത്തിലാക്കി അവതരിപ്പിക്കൽ, രചനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | വിഷയവുമായി ബന്ധപ്പെട്ട അധ്യാപകർ | - |
| ഓരോ വിഷയവുമായി ബന്ധപ്പെട്ട ഫെസ്റ്റുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി പി. റ്റി. എ | 5000/- പി. റ്റി. എ |
| വാർഷിക മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | വിഷയവുമായി ബന്ധപ്പെട്ട ക്ലബ്ബുകൾ | - |

**മേഖല : അക്കാദമികം**
**ഉപമേഖല : പഠനയാത്രകൾ**

**ലക്ഷ്യങ്ങൾ**

- പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **കണ്ട് - കേട്ട്-അനുഭവിച്ച് പഠിക്കാം**<br><br>ക്ലാസ്സ് മുറിയുടെ നാല് ചുവരുകളിൽ പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങുമ്പോൾ പഠനം വിരസമാകുന്നു. പാഠ്യവസ്തുക്കൾ കണ്ടും, കേട്ടും, അനുഭവിച്ചും പഠനം കൂടുതൽ രസകരമാക്കാൻ കൂടുതൽ ഫീൽഡുട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് സന്ദർശിക്കേണ്ട സ്ഥലങ്ങൾ എസ്.ആർ.ജി ചർച്ച ചെയ്ത് ഫീൽഡ് ട്രിപ്പ് കലണ്ടർ തയ്യാറാക്കി ഓരോ ക്ലബ്ബിന്റേയും നേതൃത്വത്തിൽ ഫീൽഡ് ട്രിപ്പുകൾ നടത്തൽ | മാസത്തിൽ ഒന്നുവീതം<br><br>- | എസ്.ആർ.ജി, വിവിധ ക്ലബ്ബുകൾ<br><br>- | 20000/- (വിവിധ വിഷയവുമായി ബന്ധപ്പെട്ട ക്ലബ്ബുകൾ)<br><br>- |

**മേഖല : അക്കാദമികം**
**ഉപമേഖല : ജൈവവൈവിധ്യ ഉദ്യാനം**

**ലക്ഷ്യങ്ങൾ**

- പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **ജൈവ വൈവിധ്യ ഉദ്യാനം**<br>പ്രകൃതിയാണ് ഏറ്റവും വിലിയ പാഠ പുസ്തകം എന്ന തിരിച്ചറിവോടെ സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് വിപുലമായ രീതിയിൽ ജൈവവൈവിധ്യ ഉദ്യാനം ഉടൻ നിർമ്മിക്കുന്നതാണ്. | ഒരു പ്രാവശ്യം | എസ്.ആർ.ജി, പി. റ്റി. എ | 10000/- പി. റ്റി. എ |

**മേഖല : അക്കാദമികം**
**ഉപമേഖല : ടാലന്റ് ലാബ്**

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യത്യസ്ത കഴിവുകൾ തിരിച്ചറിഞ്ഞ് പുഷ്ടിപ്പെടുത്തുവാൻ
- നേതൃത്വ പാടവം വികസിപ്പിക്കുക
- കലയിലൂടെ പഠനം എളുപ്പത്തിൽ സ്വായത്തമാക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **ടാലന്റ് ലാബ്**<br>കുട്ടികളിലേക്ക് അറിവുകൾ നിക്ഷേപിക്കുമ്പോഴല്ല, അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പുറത്ത് കൊണ്ടുവരുമ്പോഴാണ് വിദ്യാഭ്യാസം സ്വാർത്ഥകമാകുന്നത് എന്ന തിരിച്ചറിവോടെ സ്കൂളിൽ ടാലന്റ് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നു.<br>വർഷാരംഭത്തിൽ തന്നെ ആദ്യ ശനിയാഴ്ച ദിവസം ഓരോ മേഖലയിൽ വൈദഗ്ധ്യമുള്ള വ്യക്തികളെ പങ്കെടുപ്പിച്ച് ക്യാമ്പ് സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി., പി. റ്റി. എ | 5000/- (പി.റ്റി. എ) |

| | | | |
|---|---|---|---|
| അടുത്ത രണ്ടാമത്തെ ക്യാമ്പ് ദിവസം വേണ്ട റിഹേഴ്സൽ നടത്തി അവതരിപ്പിക്കുന്നു.<br><br>അത് പ്രൊജക്ടറിൽ പ്രദർശിപ്പിക്കുന്നു<br><br>രക്ഷിതാക്കൾക്കും സമൂഹത്തിനും കാണാനും വിലയിരുത്താനും അവസരം നൽകുന്നു<br><br>തുടർന്ന് പ്രദേശത്തുള്ള കലാകാരന്മാരുടേയും സ്ഥാപനങ്ങളുടേയും സേവനം ഇതിന് ഉപയോഗപ്പെടുത്തുന്നു. | | | |

**മേഖല : അക്കാദമികം**

**ഉപമേഖല : ഐ. സി. റ്റി അധിഷ്ഠിത ക്ലാസ്സ് റൂം**

**ലക്ഷ്യങ്ങൾ**

- എൽ. പി., യു. പി ക്ലാസ്സുകളിൽ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തുക
- സാങ്കേതികവിദ്യയെ ക്രിയാത്മകമായി നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുക.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| വളരെ വിപുലമായ ഒരു കമ്പ്യൂട്ടർ ലാബിൻരെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന്റെ പാതയിലാണിപ്പോൾ, പാഠഭാഗങ്ങളിലെ ഐ.റ്റി.സി സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താനുതകുന്ന തരത്തിലുള്ള സൗകര്യത്തോടുകൂടിയാണ് കമ്പ്യൂട്ടർ ലാബിന് രൂപം നൽകിയിട്ടുള്ളത്.<br><br>ഓരോ ക്ലാസ്സിലേക്കും ആവശ്യമായ വീഡിയോ വിഷയം, അധ്യായം എന്നിങ്ങനെ തരംതിരിച്ച് സൂക്ഷിക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്കും, അധികസമയമുള്ള ഇടവേളകളിലും പ്രൊജക്ടറിലൂടെ പ്രദർശിപ്പിക്കൽ | ആഴ്ചയിൽ ഒന്നു വീതം | എസ്. ആർ. ജി | - |
| ഐ.സി.റ്റി. പ്രയോജനപ്പെടുത്തിയ ക്ലാസ്സ് സന്ദർഭങ്ങളും പ്രയോഗ രീതിയും എല്ലാ ആഴ്ചയിലേയും എസ്.ആർ.ജി. യിൽ അവതരിപ്പിക്കുന്നു. | എല്ലാ ആഴ്ചകളിലും | എസ്. ആർ. ജി | - |

മേഖല : അക്കാദമികം
ഉപമേഖല : റേഡിയോ ക്ലബ്ബ്

**ലക്ഷ്യങ്ങൾ**

- കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വളർത്തുക
- വിജ്ഞാനവും കൗതുകവും വളർത്തുക
- അവതരണ മികവ് കൈവരിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **അമൃതവാണി റേഡിയോ ക്ലബ്ബ്**<br>സ്കൂളിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അമൃതവാണി റേഡിയോ ക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ | | | |
| എല്ലാക്ലാസ്സിലും സ്പീക്കർ ഘടിപ്പിച്ച് റേഡിയോ സ്റ്റുഡിയോ ആക്കി മാറ്റൽ | ആവശ്യാനുസരണം | എസ്.ആർ. ജി., പി.റ്റി.എ | 20000/- സ്പോൺസർഷിപ്പ് |
| ക്ലാസ്സുകളിൽ ഘടിപ്പിച്ചിട്ടുള്ള സ്പീക്കറുകളിലേക്ക് റേഡിയോ സ്റ്റുഡിയോയിൽ നിന്ന് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ എന്നിവ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിലും | എസ്. ആർ. ജി | - |

മേഖല : അക്കാദമികം
ഉപമേഖല : പച്ചക്കറിത്തോട്ടം

**ലക്ഷ്യങ്ങൾ**

- കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **ജൈവാമൃതം**<br>'ജൈവാമൃതം' എന്ന പേരിൽ കാർഷിക ക്ലബ്ബ് രൂപീകരിച്ച് വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ ജൈവ പച്ചക്കറി, വാഴ എന്നീ കൃഷി ആരംഭിക്കുക | | | |
| ഇതിന്റെ ഭാഗമായി എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു പച്ചക്കറി ത്തോട്ടം തയ്യാറാക്കി ഏറ്റവും മികച്ചത് കണ്ടെത്തി മികച്ച കുട്ടി കർഷകനെ കണ്ടെത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി, പി.റ്റി.എ, എം. പി. റ്റി. എ | 5000/- കൃഷിവകുപ്പ് |

മേഖല : അക്കാദമികം
ഉപമേഖല : ശുചിത്വ - ഹരിത സേന രൂപീകരണം

**ലക്ഷ്യങ്ങൾ**

- വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നീ ശീലങ്ങൾ വളർത്തുക
- പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **ശുചിത്വസേന - ഹരിതസേന**<br><br>പ്ലാസ്റ്റിക് രഹിത വിദ്യാലയം അതിലൂടെ ഗ്രീൻപ്രോട്ടോക്കോൾ കാര്യക്ഷമമായി നടപ്പിലാക്കുകന്നതിനും, വിദ്യാലയവും, പരിസരവും ഹരിതാഭമാക്കുന്നതിനും ശുചിത്വസേനയും ഹരിതസേനയും രൂപീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി | - |
| ഓരോ കുട്ടിയും പിറന്നാളിന് 'എന്റെ വിദ്യാലയത്തിന് എന്റെ വക ഒരു ചെടി' എന്ന പ്രവർത്തനത്തിലൂടെ ഓരോ ചെടികൾ നടൽ | വർഷത്തിൽ ഒരിക്കൽ | എസ്. ആർ. ജി | - |

മേഖല : അക്കാദമികം
ഉപമേഖല : അതിഥിയോടൊപ്പം

**ലക്ഷ്യങ്ങൾ**

- വിവിധ മേഖലയിലുള്ള വിദഗ്ധരുമായി അനുഭവം പങ്കുവയ്ക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **അതിഥിയോടൊപ്പം**<br><br>വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള വിശിഷ്ട വ്യക്തികളുമായി അനുഭവം പങ്കുവയ്ക്കുന്നതിനും, സംവദിക്കുന്നതിനുമുള്ള അവസരമൊരുക്കൽ. മാസത്തിൽ ഒരിക്കൽ ഓരോ മേഖലയിലുള്ള ഒരു അതിഥി എന്ന രീതിയിൽ നടപ്പാക്കുക | മാസത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി., പി. റ്റി. എ | 2000/- പി. റ്റി. എ |

മേഖല : അക്കാദമികം
ഉപമേഖല : കാരുണ്യസ്പർശം

**ലക്ഷ്യങ്ങൾ**

- സഹജീവികളോട് കരുണ, ദീനാനുകമ്പ എന്നിവ വളർത്തുന്നതിന്

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **കാരുണ്യസ്പർശം** 'സഹജീവികളുടെ നൊമ്പരം എന്റേയും' എന്ന സന്ദേശം മുൻനിർത്തി മാറാരോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന ഒരാൾക്കെങ്കിലും എല്ലാമാസവും ചികിത്സാ സഹായം നൽകൽ | എല്ലാ മാസവും | JRC, നല്ലപാഠം ക്ലബ്ബ് | 50000/- JRC, നല്ലപാഠം ക്ലബ്ബ് |

മേഖല : അക്കാദമികം
ഉപമേഖല : പുസ്തക ശേഖരണവും ജന്മദിനത്തിനൊരു പുസ്തകവും

**ലക്ഷ്യങ്ങൾ**

- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയുടെ നവീകരണം
- വായന ഒരു ശീലവും ലഹരിയുമാക്കി മാറ്റുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | - |
| പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും, സന്നദ്ധ സംഘടനകളിൽ നിന്നും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്. എം, സ്കൂൾ ലൈബ്രറി കമ്മിറ്റി | - |

**മേഖല : അക്കാദമികം (മലയാളം)**
**ഉപമേഖല : എഴുത്തുപെട്ടി**

**ലക്ഷ്യങ്ങൾ**

- എഴുത്ത്, വായന എന്നിവയെ പോഷിപ്പിക്കുക
- തപാൽമേഖലയിലെ പ്രവർത്തനത്തെപ്പറ്റിയും കത്തിലൂടെയുള്ള ആശയവിനിമയവും അറിയുന്നതിന്

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| <u>എഴുത്തുപെട്ടി</u><br>സ്കൂളിൽ സ്ഥാപിക്കുന്ന തപാൽപ്പെട്ടിയിൽ സഹപാഠികൾക്കും അധ്യാപകർക്കും കത്തുകൾ നിക്ഷേപിക്കൽ<br>അധ്യാപകർ അത് രഹസ്യരൂപത്തിൽ പരിശോധിച്ചതിനുശേഷം കുട്ടികളുടെ ടീം പോസ്റ്റോഫീസിന്റെ പ്രവർത്തനരീതിയിൽ സ്വീകർത്താവിന് എത്തിക്കൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | മലയാളം ക്ലബ്ബ് | - |

**മേഖല : അക്കാദമികം**
**ഉപമേഖല : ജാഗ്രതാസേന രൂപീകരിക്കൽ**

**ലക്ഷ്യങ്ങൾ**

- അച്ചടക്കം, അനുസരണശീലം, നേതൃഗുണം, കർത്തവ്യബോധം എന്നിവ വളർത്തുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| <u>ജാഗ്രതാ സേന</u><br>അച്ചടക്കമുള്ള സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളുടെ 'ജാഗ്രതാ സേന' രൂപീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി | - |

മേഖല : അക്കാദമികം
ഉപമേഖല : ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം

**ലക്ഷ്യങ്ങൾ**

- ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക
- അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക
- അവസരവും, പങ്കാളിത്തവും നൽകുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ഭിന്നശേഷി വിദ്യാർത്ഥികൾ പിന്നിലല്ല എന്ന ബോധം മറ്റുള്ളവർക്ക് മനസ്സിലാക്കാൻ ഉതകുന്ന തരത്തിൽ കലാ-കായിക-നിർമ്മാണ മത്സരങ്ങൾ അവർക്കുവേണ്ടി സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി, പി. റ്റി. എ | 2000/- (പി.റ്റി.എ) |
| അവർക്കായി ഏകദിന പഠനോത്സവം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി, പി. റ്റി. എ | 2000/- പി. റ്റി. എ |
| സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും അവരെ മുൻനിർത്തി അവർക്കുവേണ്ട അവസരങ്ങൾ ഒരുക്കൽ. | എല്ലാ പ്രവർത്തനങ്ങളിലും | എസ്. ആർ. ജി | - |
| രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ | വർഷത്തിൽ 3 തവണ | എസ്. ആർ. ജി, പി. റ്റി. എ | - |

മേഖല : അക്കാദമികം
ഉപമേഖല : പെൺകുട്ടികൾക്കും, മാനസ്സിക പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്കും വേണ്ടിയുള്ള കൗൺസിലിംഗ്

**ലക്ഷ്യങ്ങൾ**

- പെൺകുട്ടികൾക്ക് ലഭിക്കേണ്ട തുല്യത
- അലട്ടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പിന്തുണ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേക കൗൺസിലിംഗ് സംഘടിപ്പിക്കൽ | വർഷത്തിൽ 3 പ്രാവശ്യം | എസ്. ആർ. ജി | - |
| നിസ്സാര കാര്യങ്ങൾപോലും അഭിമുഖീകരിക്കാൻ കവിയാതെ വിഷാദ രോഗത്തിന് വിധേയരാകുന്ന കുട്ടിക | ആവശ്യ സന്ദർഭങ്ങളിൽ | എസ്. ആർ. ജി., പി. റ്റി. എ | - |

| | | | |
|---|---|---|---|
| ളുടെ എണ്ണം വർദ്ധിക്കുകയും, ലഹരി വസ്തുക്കളുടെ കേന്ദ്രങ്ങൾ കുട്ടികളുടെ പിന്നാലെ വലവിരിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ കുട്ടികളിൽ അത്തരം എന്തെങ്കിലും മാനസ്സിക പ്രശ്നം പ്രകടമായി കണ്ടാൽ സ്കൂളിൽ രൂപീകരിക്കുന്ന അധ്യാപകരുടേയും രക്ഷിതാക്കളുടേയും ഗ്രൂപ്പിൽ നിന്നുള്ള ഒരു ക്ലബ്ബ് കുട്ടികളുടെ വീടുമായി ബന്ധപ്പെട്ടു പരിഹരിക്കുന്ന പ്രവർത്തനം സംഘടിപ്പിക്കൽ | | | |

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **കലാ - കായിക പരിശീലനം**

**ലക്ഷ്യങ്ങൾ**

- കലാ - കായിക മേഖലകളിൽ പുരോഗതി കൈവരിക്കുക
- മത്സരങ്ങളിൽ ഉയർന്ന വിജയം നേടുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| കലാ - കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കൽ<br><br>ഈ മേഖലകളിൽ വിദഗ്ധരായ സേവനതൽപ്പരരെക്കൊണ്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം (അവധി ദിവസം) | കലാ - കായിക ചുമതലയുള്ള അധ്യാപകർ, പി. റ്റി. എ | - |

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **പോഷകാഹാര പരിപാടി**

**ലക്ഷ്യങ്ങൾ**

- ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ആഴ്ചയിൽ ഓരോദിവസവും കുട്ടികളുടെ കൂടി താല്പര്യം മാനിച്ച് വ്യത്യസ്ത മെനു അനുസരിച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | എച്ച്. എം, പി. റ്റി. എ, എം. പി. റ്റി. എ, നൂൺ ഫീഡിംഗ് കമ്മിറ്റി | 50000/- സി. എസ്. ആർ ഫണ്ട് |

മേഖല : അക്കാദമികം
ഉപമേഖല : വിവിധ വിഷയങ്ങളുടെ ലാബുകൾ, ലൈബ്രറി, ലബോറട്ടറി എന്നിവയ്ക്ക് സൗകര്യപ്രദമായ മുറികൾ

ലക്ഷ്യങ്ങൾ

- പഠന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കൽ
- വായനയ്ക്ക് കൂടുതൽ സൗകര്യമൊരുക്കൽ
- ലബോറട്ടറി പ്രവർത്തനം കാര്യക്ഷമമാക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|
| വലിയ മനോഹരമായ 25 മുറികളുള്ള ബഹുനില മന്ദിരം മാനേജ്മെന്റ് നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും ഡിവിഷനുകളുടെ വർദ്ധനവ് മൂലം വിഷയ ലാബ്, ലബോറട്ടറി, ലൈബ്രറി എന്നിവയ്ക്കും അതിനനുയോജ്യമായ മുറികൾ ഇല്ല. അത് ലഭ്യമാക്കൽ | ആവശ്യാനുസരണം | മാനേജ്മെന്റ് | ആവശ്യമായത് (മാനേജ്മെന്റ്) |

മേഖല : അക്കാദമികം
ഉപമേഖല : പ്രൊജക്ടർ

ലക്ഷ്യങ്ങൾ

- വിഷയങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കുക
- ചിൽഡ്രൻസ് തീയേറ്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ചിൽഡ്രൻസ് തീയേറ്ററുമായി ബന്ധപ്പെട്ടു നടക്കുന്ന കുട്ടികളുടെ പരിപാടികൾ പ്രദർശിപ്പിക്കുന്നതിനും, വിഷയബന്ധിതമായ വീഡിയോകൾ, മറ്റ് ചിത്രങ്ങൾ, സ്കൂളിൽ നടക്കുന്ന മറ്റ് പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ ഗ്രൂപ്പായി കുട്ടികൾക്കും, രക്ഷിതാക്കൾക്കും, പൊതുസമൂഹത്തിനും മുന്നിൽ പ്രദർശിപ്പിക്കുന്നതിന് പ്രൊജക്ടർ ലഭ്യമാക്കൽ | ആവശ്യാനുസരണം | എസ്. ആർ. ജി, പി. റ്റി. എ | 30000/- സ്പോൺസർഷിപ്പ്/ പഞ്ചായത്ത് |

മേഖല : ഭൗതികം
ഉപമേഖല : ചുറ്റുമതിൽ

ലക്ഷ്യങ്ങൾ

- സുരക്ഷിതമായി സ്കൂൾ കോമ്പൗണ്ട് സംരക്ഷിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|
| ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | ആവശ്യാനുസരണം | മാനേജ്മെന്റ് | മാനേജ്മെന്റ് (ആവശ്യമായത്) |

**മേഖല : ഭൗതികം**
**ഉപമേഖല : ഭക്ഷണ ഹാൾ**

**ലക്ഷ്യങ്ങൾ**

- ആരോഗ്യവും ശുചിത്വവും പരിപാലിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഭക്ഷണ ഹാൾ ഒരുക്കൽ | ആവശ്യാനുസരണം | മാനേജ്മെന്റ് | മാനേജ്മെന്റ് (ആവശ്യമായത്) |

**മേഖല : ഭൗതികം**
**ഉപമേഖല : വാഹന ഷെഡ്**

**ലക്ഷ്യങ്ങൾ**

- സുരക്ഷിതമായ വാഹന പാർക്കിംഗ്

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| സൗകര്യപ്രദമായ സ്ഥലത്ത് കുട്ടികളുടെ സൈക്കിളുകളും മറ്റുവാഹനങ്ങളും പാർക്കു ചെയ്യുന്നതിനുള്ള വാഹന ഷെഡ് നിർമ്മിക്കുക | ആവശ്യാനുസരണം | മാനേജ്മെന്റ് | മാനേജ്മെന്റ് (ആവശ്യമായത്) |

**മേഖല : ഭൗതികം**
**ഉപമേഖല : മാലിന്യ സംസ്ക്കരണം**

**ലക്ഷ്യങ്ങൾ**

- ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ആവശ്യാനുസരണം | എച്ച്. എം, എസ്. ആർ. ജി, പി. റ്റി. എ | ഗ്രാമ പഞ്ചായത്ത് (100000/-) |

മേഖല : സാമൂഹികം
ഉപമേഖല : പുസ്തക സമാഹരണം

**ലക്ഷ്യങ്ങൾ**

- സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| അദ്ധ്യാപകരും കുട്ടികളും അട ങ്ങുന്ന ചെറു സംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി വീടുകൾ സന്ദർശിച്ച് സ്കൂൾ ഗ്രന്ഥശാലയി ലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരി ക്കൽ | എസ്. ആർ. ജി, സ്കൂൾ പാർലമെന്റ് | - |

**പ്രതീക്ഷിത നേട്ടങ്ങഴൾ**

- "എന്റെ നാട് എന്റെ വിദ്യാലയം'' എന്ന വിദ്യാലയത്തിന്റെ കാഴ്ചപ്പാട് സാധൂകരി ക്കപ്പെടും
- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകര മായ പഠനാവസരം ലഭ്യമാകും
- വിദ്യാലയം മികവിന്റെ കേന്ദ്രമായി ഉയരും. പൊതുസമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റും
- ശിശുസൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കപ്പെടും
- അനുഭവവേദ്യമായ പഠന പ്രവർത്തനങ്ങൾ സാധ്യമാകും
- കുട്ടികൾക്ക് സ്വന്തം കഴിവിലുള്ള അറിവും ആത്മവിശ്വാസവും നേടാൻ കഴിയും
- പൊതു വിദ്യാഭ്യാസ സംരക്ഷണത്തിൽ സമൂഹത്തിന്റെ മുഴുവൻ ശ്രദ്ധയുമുണ്ടാകും
- മുഴുവൻ കുട്ടികളും വായനയിൽ താല്പര്യമുള്ളവരായിത്തീരും
- കാർഷിക സംസ്കാരമുള്ള പുതുതലമുറ വളരും. കൃഷിയോടും, കൃഷി ചെയ്യുന്നവ രോടുമുള്ള അനുകൂല മനോഭാവങ്ങൾ വളർത്തിയെടുക്കാം.
- കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യത്യസ്ത കഴിവുകൾ തിരിച്ചറിഞ്ഞ് പുഷ്ടി പ്പെടുത്താൻ കഴിയും.
- അധ്യാപകരും രക്ഷിതാക്കളുമായുള്ള ബന്ധം കൂടുതൽ മെട്ടപ്പെടുത്തി വിദ്യാല യത്തെ ഒരു പഠന വീടാക്കി മാറ്റാൻ കഴിയും
- കുട്ടികളിൽ സഹജീവികളോട് കരുണ, ദീനാനുകമ്പ എന്നിവ വളർത്താൻ കഴിയും
- പരിസ്ഥിതി സംരക്ഷണ - പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും

- പ്ലാസ്റ്റിക് വിമുക്തവും, കീടനാശിനി വിമുക്തവും, ലഹരി വിമുക്തവുമായ വിദ്യാലയം രൂപപ്പെടും

- മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യാൻ കഴിയും

- ജൈവ വൈവിധ്യ ഉദ്യാനം നിലവിൽ വരുന്നതോടെ വിദ്യാലയം തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കപ്പെടും

- ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി, ലബോറട്ടറി, വിഷയാടിസ്ഥാന ലാബുകൾ എന്നിവ ലഭ്യമാകും

- അച്ചടക്കം, നേതൃഗുണം എന്നിവ കുട്ടികളിലുണ്ടാകും

- കുട്ടികളുടെ പ്രവേശന നിരക്ക് ഉയരും

- ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആകും

## മോണിട്ടറിംഗ് രീതി

ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് യഥാസമയങ്ങളിൽ SRG, PTA എന്നിവ കൂടി വിലയിരുത്തലുകൾ നടത്തുന്നതാണ്. പഠനസംബന്ധ പ്രവർത്തനങ്ങൾ എച്ച് എം ന്റെ ക്ലാസ് തല മോണിട്ടറിംഗിലൂടെയും, മറ്റ് പ്രവർത്തനങ്ങളുടെ ദൈനംദിനമോണിട്ടറിംഗ് എച്ച് എം , എസ് ആർ ജി കൺവീനർ, പി ടി എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്.